**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2693** **24-06-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖം ഒന്നാംഘട്ട കമ്മീഷനിംഗിനുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖം ഒന്നാംഘട്ട കമ്മീഷനിംഗിനുള്ള പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടോ; തുറമുഖം ഒന്നാംഘട്ട പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2024 ജൂലൈ മാസത്തിൽ ട്രയൽ റൺ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. തുറമുഖത്തിന്റെ ഒന്നാം ഘട്ടം 2024 ഒക്ടോബർ - ഡിസംബർ മാസങ്ങൾക്കിടയിൽ പൂർണമായി വാണിജ്യ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുവാനാകുമെന്ന് കരുതുന്നു. |
| (ബി) | നിർമ്മാണ കമ്പനിക്ക് കേന്ദ്രത്തിൽ നിന്നും ലഭിക്കാനുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്ന മുറയ്ക്ക് കൺസഷണയർക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് തുകയായ 817.80 കോടി രൂപ ലഭിക്കുന്നതാണ്. ഈ വിഷയം പരിഗണിക്കുന്നതിന് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള Empowered Committee 27.07.2024 ന് യോഗം ചേരുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ